# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5857** **28/10/2011-ലെ മറുപടിക്ക്**

**സംസ്ഥാന സിവിൽ സർവീസ്**

ചോദ്യം: ശ്രീ. ഐ.സി.ബാലകൃഷ്ണൻ

ഉത്തരം: ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

(എ) സംസ്ഥാന സിവിൽ സർവ്വീസിൻെറ ഭാഗമായി ഐ.എ.എസ് ലഭിക്കുന്നതിന് റവന്യൂ വകുപ്പിന് പുറമേ സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരെകൂടി പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മുതൽ;

(എ) യും (ബി) യും ;

ഐ.എ.എസ് പ്രൊമോഷൻ റഗുലേഷൻ റൂൾ 1955 പ്രകാരവും സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും ഐ.എ.എസ്സ് പ്രമോഷനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയ സ്പഷ്ടീകരണമനുസരിച്ചും, സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും ഐ.എ.എസ്സിലേക്ക് പ്രൊമോഷൻ നൽകുന്നതിന് റവന്യൂ-പൊതുഭരണ കാര്യങ്ങളിൽ പ്രവർത്തിപരിചയമുള്ള തസ്തികകളെ സ്റ്റേറ്റ് സിവിൽ സർവ്വീസിൻെറ ഭാഗമാക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഇതിൻെറ ആദ്യ ഘട്ടമെന്ന നിലയിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരെ കൂടി പുതിയതായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പരിഗണിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിനും യു.പി.എസ്.സി ക്കും കത്തയച്ചിട്ടുള്ളതുമാണ്.

(സി) സെക്രട്ടേറിയറ്റ് സർവ്വീസിനെ മൊത്തം ഒരു യൂണിറ്റായി കണക്കിലെടുക്കുന്നതിന് പകരം പൊതു ഭരണ വകുപ്പിനെ മാത്രം പരിഗണിക്കുവാൻ തീരുമാനിച്ചതിൻെറ കാരണമെന്താണ്;

(സി) 1955 ലെ ഐ.എ.എസ് പ്രൊമോഷൻ റഗുലേഷൻ റൂൾ പ്രകാരം റവന്യൂ-പൊതുഭരണ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഉയർന്ന ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥരെ സ്റ്റേറ്റ് സിവിൽ സർവീസിൽ ഉൾപ്പെടുത്തി ഐ.എ.എസ് പ്രൊമോഷന് പരിഗണിക്കുന്നതിന് സംസ്ഥാന ഗവൺമെൻറിന് കേന്ദ്ര ഗവൺമെൻറുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാൻ അധികാരമുണ്ട്. ഇതിൻെറ മുന്നോടി

| | | |
|---|---|---|
| | | യായിട്ടാണ് പൊതു ഭരണ വകുപ്പിനെ മാത്രം ആദ്യ ഘട്ടത്തിൽ പരിഗണിച്ചത്. |
| (ഡി) | ഇതിനെതിരെ എത്ര സർവ്വീസ് സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്; | (ഡി) 10 സർവ്വീസ് സംഘടനകൾ നിവേദനം നൽകി. |
| (ഇ ) | എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടികളെടുത്തുവെന്ന് വെളിപ്പെടുത്തു മോ; | (ഇ) പൊതു ഭരണ വകുപ്പിനെ സംസ്ഥാന സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള സംസ്ഥാന ഗവൺമെൻറിൻെറ തീരുമാനത്തിന്മേൽ കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിൻെറ അനുമതി ലഭിക്കുക യാണെങ്കിൽ സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളെ കൂടി ഉൾപ്പെടുത്തണമെന്നുള്ള നിവേദനങ്ങൾ പരി ഗണിക്കാനും അനുകൂലമായ നടപടികളെടുക്കു വാനും തീരുമാനിച്ചിരുന്നു. |
| (എഫ്) | സെക്രട്ടേറിയറ്റ് ജീവനക്കാരെക്കൂടി ഐ.എ.എസ്സിന് പരിഗണിക്കുന്നതിന് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് സംസ്ഥാനം കത്തയച്ചിട്ടുണ്ടോ; | (എഫ്) ഉണ്ട് |
| (ജി) | ഇതിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെ ങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ജി) മറുപടി ലഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സർവ്വീ സുകളെ ഉൾക്കൊള്ളിക്കുന്നതിന് നിയമവശമില്ലാ യെന്നുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. |
| (എച്ച്) | സെക്രട്ടേറിയറ്റ് സർവ്വീസിൻെറ ഭാഗമായ ധനകാര്യ, നിയമ, നിയമസഭാ സെക്രട്ടേറിയ റ്റിലെ ഉദ്യോഗസ്ഥരെക്കൂടി ഐ.എ.എസ് -ൽ പരിഗണിക്കുന്നതിനുള്ള നടപടി അടിയ ന്തിരമായി സ്വീകരിക്കുമോ? | (എച്ച്) കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിൽ നിന്നുള്ള തുടർ പ്രതികരണത്തിൻെറ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ